പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

***നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4229*** ***17.05.2017 ലെ മറുപടിക്ക്.***

# ***പ്രവാസി കമ്മീഷന്റെ പ്രവർത്തനം***

| ചോദ്യം | | ഉത്തരം |
|---|---|---|
| | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. പിണറായി വിജയൻ<br>(*മുഖ്യമന്ത്രി*) |
| (എ) | പ്രവാസി കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ച് വിശദമായ വിവരം ലഭ്യമാക്കാമോ ; | (എ) 26.4.2016 ലെ സ. ഉ. (പി)2/2016/ നോർക്ക നമ്പർ ഉത്തരവ് പ്രകാരം ചെയർ പേഴ്സൺ ഉൾപ്പെടെ 5 അംഗങ്ങളെ ഉൾപ്പെടുത്തി രൂപീകരിക്കപ്പെട്ട എൻ. ആർ. ഐ (കെ) കമ്മീഷന്റെ പ്രവർത്തനം 30.04.2016 ൽ ആരംഭിച്ചിട്ടുണ്ട്. കമ്മീഷൻ ആക്ടിൽ നിഷ്കർഷിക്കുന്ന പ്രായപരിധിയായ 65 വയസ് അധികരിച്ച 2 അംഗങ്ങൾ ഒഴികെയുള്ള 2 മെമ്പർമാരും ചെയർപേഴ്സണും മെമ്പർ സെക്രട്ടറിയും അടങ്ങിയതാണ് നിലവിൽ പ്രവർത്തിക്കുന്ന കമ്മീഷന്റെ ഘടന. കമ്മീഷന്റെ 4 സ്റ്റാറ്റ്യൂട്ടറി മീറ്റിംഗുകളും 2 സിറ്റിംഗുകളും ഈ കാലയളവിൽ നടന്നിട്ടുണ്ട്. കമ്മീഷൻ ആക്ടിനെക്കുറിച്ചും കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ചും പൊതുജനാവബോധം സൃഷ്ടിക്കാൻ പ്രവാസി ഭാരതീയർ കൂടുതൽ ഉള്ള മലപ്പുറം, കോഴിക്കോട് ജില്ലകളിൽ പ്രവാസി സംഘടനകളേയും മാധ്യമങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രവാസി കമ്മീഷന്റെ ഓഫീസ് വിലാസം, അപേക്ഷകൾ അയയ്ക്കേണ്ട ഉദ്യോഗസ്ഥന്റെ വിലാസം എന്നിവ ലഭ്യമാക്കാമോ ; | (ബി) തിരുവനന്തപുരത്തുള്ള നോർക്ക സെന്റർ കെട്ടിടത്തിലാണ് കമ്മീഷൻ പ്രവർത്തിക്കുന്നത്.<br>**വിലാസം :**<br>***ചെയർപേഴ്സൺ***<br>***പ്രവാസി ഭാരതീയ കേരളീയ കമ്മീഷൻ***<br>***നോർക്കാ സെന്റർ, തൈക്കാട്,***<br>***തിരുവനന്തപുരം - 14*** |

| | | | |
|---|---|---|---|
| (സി) | പ്രവാസി കമ്മീഷന് പരിഗണനയും സൗകര്യങ്ങളും ലഭ്യമാക്കുന്നില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിൽ എടുത്ത നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | പ്രവാസി കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ സൗകര്യങ്ങൾ യഥാസമയം ലഭ്യമാക്കി വരുന്നുണ്ട്. തിരുവനന്തപുരത്ത് നോർക്ക റൂട്ട്സ് പ്രവർത്തിക്കുന്ന നോർക്ക സെന്ററിൽ ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, മെമ്പർമാർ എന്നിവർക്കുള്ള ഓഫീസ് മുറികളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ എറണാകുളത്ത് ഒരു ഫയലിംഗ് സ്റ്റേഷൻ സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കമ്മീഷനിൽ പുതുതായി നിയമിക്കപ്പെടുന്ന ഓഫീസർമാർക്കും മറ്റ് ജീവനക്കാർക്കും പ്രവർത്തിക്കാനുള്ള ഓഫീസ് സൗകര്യവും മറ്റും തയ്യാറാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. കമ്മീഷൻ ചെയർമാന്റെ ആവശ്യത്തിനായി ഒരു ഇന്നോവ കാർ വാടക അടിസ്ഥാനത്തിൽ നൽകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരു പുതിയ ഇന്നോവ കാർ വാങ്ങുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഒരു സർക്കാർ ജോയിന്റ് സെക്രട്ടറിയെ കമ്മീഷന്റെ മെമ്പർ സെക്രട്ടറിയുടെ പൂർണ്ണ ചുമതല നൽകി നിയമിച്ചിട്ടുണ്ട്. കമ്മീഷൻ ചെയർപേഴ്സണ് ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റിനെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. എറണാകുളം സർട്ടിഫിക്കറ്റ് ആതന്റിക്കേഷൻ ഓഫീസിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഒരു അസിസ്റ്റന്റിന്റെ സേവനം കമ്മീഷന്റെ ജോലികൾ ചെയ്യുന്നതിന് ലഭ്യമാക്കിയിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി (1), അസിസ്റ്റന്റ് (1), കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (1), ഡ്രൈവർ (1) ഓഫീസ് അറ്റൻഡന്റ് (1) എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.